ന്റെ താല്പര്യം' എന്തെന്നു തീരുമാനിക്കേണ്ടത് അതതു പ്രദേശത്തു പൊതു സമാധാനത്തിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനാകുന്നു. ഈ ഉദ്യോഗസ്ഥന്റെ തീരുമാനം തെറ്റെന്ന് ആക്ഷേപമുള്ളവർക്ക് ആ തെറ്റു തിരുത്തിക്കിട്ടുന്നതിനായി കോടതികളെ ശരണം പ്രാപിക്കാം.

'മതത്തിന്റെ പേരിൽ വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ വൈമനസ്യവും സംഘർഷവും വളർത്താനിടവരുത്തുന്ന ഒന്നും തീരെ അനുപേക്ഷണീയമല്ലെങ്കിൽ ചെയ്യാതിരിക്കുകയാണ് സാമാന്യബുദ്ധിയുള്ള ഇന്ത്യൻ പൗരന്റെ ഇന്നത്തെ കർത്തവ്യം, ആശയമണ്ഡലത്തിൽ പ്രവർത്തിക്കുന്നവരും അക്കാരണത്താൽ തന്നെ സാധാരണ പൗരരെക്കാൾ കൂടുതൽ സാമൂഹ്യമായ ഉത്തരവാദിത്തം ഉൾക്കൊള്ളേണ്ടവരുമായ കലാകാരന്മാരുടെ കർത്തവ്യമാകട്ടെ, മതപരമായ കലഹങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി പരമാവധി പ്രയത്നിക്കുക എന്നതുകൂടിയാണ്. കലാപരങ്ങളായ പ്രവർത്തനങ്ങൾ ഒരിക്കലും മതസംഘർഷത്തിനു കാരണമായിക്കൂടാ. മതസംഘർഷം ഒഴിവാക്കുന്നതിനും മതസൗഹാർദം പുഷ്ടിപ്പെടുത്തുന്നതിനുമായി സ്വന്തം ആശയാവിഷ്കാരസ്വാതന്ത്ര്യത്തിനുമേൽ ആവശ്യമായ നിയന്ത്രണങ്ങൾ സ്വമേധയാ ചുമത്തുന്നതിൽ ഇന്നത്തെ ഇന്ത്യയിലെ കലാകാരനു സന്തോഷമേ ഉണ്ടായിക്കൂടൂ.'

## 2. പത്രസ്വാതന്ത്ര്യത്തിന് ഒരു ഭീഷണി

സംഭാഷണസ്വാതന്ത്ര്യവും ആശയപ്രകടനസ്വാതന്ത്ര്യവും പൗരന്മാരുടെ മൗലികാവകാശങ്ങളാണെന്നു നമ്മുടെ ഭരണഘടന പ്രഖ്യാപിക്കുന്നു. പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവയാണ് പൗരന്മാർക്ക് ആശയപ്രകടനത്തിനുള്ള പ്രധാനപ്പെട്ട ഉപാധികൾ. ഇവയുടെ മുദ്രണത്തിലും പ്രസിദ്ധീകരണത്തിലും ഒരു തരത്തിലുള്ള നിയന്ത്രണവും സർക്കാർ ചുമത്താതിരിക്കുമ്പോൾ മാത്രമേ പൂർണമായ ആശയപ്രകടനസ്വാതന്ത്ര്യം പൗരന്മാർക്കു കൈവരികയുള്ളു.

പക്ഷേ, പൂർണമായ സ്വാതന്ത്ര്യം പലപ്പോഴും പൂർണമായ അരാജകത്വംകൂടിയായിരിക്കും. ഒരു പൗരന്റെ സ്വാതന്ത്ര്യം മറ്റൊരു പൗരന്റെ സ്വാതന്ത്ര്യത്തിനു വിഘാതമാകാതിരിക്കുന്നതിനുവേണ്ടി ഏതു സ്വാതന്ത്ര്യത്തിനുംമേൽ നിയന്ത്രണങ്ങൾ ചുമത്തേണ്ട ബാദ്ധ്യത സർക്കാരിനുണ്ട്. നിയന്ത്രണങ്ങൾ യുക്തിസംഗതങ്ങളും, തികച്ചും നിയമാനുസൃതങ്ങളും, അതാതുകാലത്ത് അധികാരം വഹിക്കുന്ന വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾക്കു വഴങ്ങിക്കൊടുക്കാത്തവയും ആയിരിക്കണമെന്നേയുള്ളു.

ഇന്ത്യയിൽ പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ മുദ്രണത്തിലും പ്രസിദ്ധീകരണത്തിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ബ്രിട്ടീഷ് ഗവണ്മെന്റ് ആദ്യമായി ഒരു നിയമം ഉണ്ടാക്കിയതു 1867–ാമാണ്ടിലായിരുന്നു. 'പ്രസ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്ട്'' എന്നറിയപ്പെടുന്ന ഈ നിയമത്തിനു പിന്നീട് ഇരുപത്തിരണ്ടു തവണ ഭേദഗതികൾ കൊണ്ടുവരികയുണ്ടായി. ഇരുപത്തിമൂന്നാമത്തെ ഭേദഗതി ഇക്കഴിഞ്ഞ 1988 ഡിസംബർ 5–ാം തീയതി മന്ത്രി എച്ച്. കെ. എൽ. ഭഗത് രാജ്യസഭയിൽ അവതരിപ്പിച്ചു. ഇനിയും നിയമമായിക്കഴിഞ്ഞിട്ടില്ലാത്ത ഈ ഭേദഗതി ബില്ലിനു പല ഭാഗങ്ങളിൽനിന്നും എതിർപ്പുകൾ ഉയർന്നുവന്നിട്ടുണ്ട്. ജനാധിപത്യത്തിൽ പൊതുവെയും ഗ്രന്ഥനിർമാണത്തിലും പത്രപ്രവർത്തനത്തിലും പ്രത്യേകിച്ചും താല്പര്യമുള്ളവർ നിലവിലുള്ള നിയമത്തെയും അതിന് ഇപ്പോൾ നിർദേശിക്കപ്പെട്ട ഭേദഗതികളെയും സമഗ്രമായി പഠിച്ചു വിലയിരുത്തേണ്ട സമയമാണിത്.

മുദ്രണാലയങ്ങളെയും പത്രങ്ങളെയും നിയന്ത്രിക്കുക, ഇന്ത്യയിൽ അച്ചടിച്ച പുസ്തകങ്ങളുടെയും പത്രങ്ങളുടെയും പ്രതികൾ സൂക്ഷിച്ചുവെക്കുക, അവ രജിസ്റ്റർ ചെയ്യുക എന്ന മൂന്ന് ഉദ്ദേശ്യങ്ങളാണ് 1867–ലെ 'പ്രസ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്ടി'ന് ഉണ്ടായിരുന്നത്. ഈ നിയമത്തിൽ ചില ഭേദഗതികൾ വരുത്തണമെന്ന് രണ്ടാം പ്രസ് കമ്മീഷൻ 1982–ൽ ഗവണ്മെൻറിലേക്ക സമർപ്പിച്ച റിപ്പോർട്ടിൽ നിർദേശിച്ചിരുന്നു. ഇത്തരം നിർദേശങ്ങൾ മററു ചില കേന്ദ്രങ്ങളും ഉന്നയിക്കുകയുണ്ടായി. ഈ നിർദേശങ്ങളുടെ വെളിച്ചത്തിൽ പത്രങ്ങളുടെ പ്രസിദ്ധീകരണം സംബന്ധിച്ച് ഇന്നുള്ള നടപടിക്രമങ്ങൾ കുറെക്കൂടി സുഗമമാക്കുന്നതിനുവേണ്ടിയാണ് ഗവണ്മെൻറ് പുതിയ ഭേദഗതി ബിൽ തയ്യാറാക്കിയിട്ടുള്ളതെന്ന് ബില്ലിൻെറ 'ലക്ഷ്യങ്ങളും കാരണങ്ങളും സംബന്ധിച്ച പ്രസ്താവന'യിൽ മന്ത്രി ഭഗത്ത് പറയുന്നുണ്ട്.

ഒരു ഭാഷയിലോ ഒരു സംസ്ഥാനത്തിലോ പ്രസിദ്ധീകരിക്കുന്ന ഒരു പത്രത്തിൻെറ പേര് അതേ ഭാഷയിലോ അതേ സംസ്ഥാനത്തിലോ പ്രസിദ്ധീകരിക്കുന്ന മറെറാരു പത്രത്തിന് ഉണ്ടാവരുതല്ലോ. ഇതിനായി പുതുതായി ഒരു പത്രം പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തി, താൻ നിർദേശിക്കുന്ന മൂന്നു പേരുകളിലൊന്ന് തൻെറ പത്രത്തിന് അനുവദിച്ചുതരണമെന്ന് വൃത്താന്തപത്രങ്ങളുടെ രജിസ്ട്രാർക്ക് (രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പേഴ്സ് ഫോർ ഇന്ത്യ) ഒരു അപേക്ഷ അതാതു പ്രദേശത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മുഖാന്തിരം അയച്ചുകൊടുക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. രജിസ്ട്രാർ പേര് അനുവദിച്ച വിവരം അറിയിച്ചുകഴിഞ്ഞാൽ പത്രത്തിൻെറ പ്രകാശകൻ (പബ്ലിഷർ) ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരായി ഒരു പ്രഖ്യാപനം (ഡിക്ലറേഷൻ) ഒപ്പിട്ടു കൊടുക്കണം. മജിസ്ട്രേട്ട് ഈ പ്രഖ്യാപനം സാക്ഷ്യപ്പെടുത്തി അതിൽ ഒപ്പുവെച്ചാൽ പ്രകാശകനു പത്രം പ്രസിദ്ധീകരിച്ചു തുടങ്ങാം.

ഈ പ്രക്രിയ ലഘൂകരിക്കുന്നതിനുവേണ്ടി താൻ നിർദേശിക്കുന്ന മൂന്നു പേരുകളിൽ ഒന്ന് തൻെറ പത്രത്തിന് അനുവദിച്ചുതരണമെന്ന അപേക്ഷ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മുഖാന്തരമല്ലാതെ നേരിട്ട് രജിസ്ട്രാർക്ക് അയയ്ക്കാൻ പുതിയ ഭേദഗതി പ്രകാശകനെ അധികാരപ്പെടുത്തുന്നു. പേര് അനുവദിച്ച വിവരം രജിസ്ട്രാർ അറിയിച്ചാൽ ഉടൻ പ്രകാശകനു പത്രത്തിൻെറ പ്രസിദ്ധീകരണം ആരംഭിക്കാമെന്നും ഒരു മാസത്തിനകം പ്രകാശകൻ ഒപ്പിട്ട പ്രഖ്യാപനം (ഡിക്ലറേഷൻ) ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ മുമ്പിൽ നേരിട്ട് ഹാജരാക്കുകയോ, ദൂതൻവശം കൊടുത്തയയ്ക്കുകയോ, തപാലിൽ അയയ്ക്കുകയോചെയ്താൽ മതിയെന്നും പുതിയ ഭേദഗതി വ്യവസ്ഥചെയ്യുന്നു.

തങ്ങൾ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന പത്രങ്ങളുടെ പേരുകൾക്ക് രജിസ്ട്രാറുടെ അനുവാദം (ക്ലിയറൻസ്) വാങ്ങിയ ഒട്ടുവളരെ ആളുകൾ പിന്നീട് പത്രങ്ങൾ പ്രസിദ്ധീകരിക്കാതിരിക്കുകയോ, പ്രസിദ്ധീകരിച്ചു തുടങ്ങിയ പത്രങ്ങൾ മുടങ്ങിപ്പോവുകയോചെയ്തിട്ടുണ്ട്. ഇതു നിമിത്തം ഒരു ലക്ഷത്തി എൺപതിനായിരത്തോളം പേരുകൾ ആർക്കും ഉപയോഗിക്കാനാവാതെ മരവിച്ചുകിടക്കുകയാണത്രെ. ഈ പേരുകൾ ആവശ്യക്കാർക്ക ലഭ്യമാക്കുന്നതിനും പുതിയ ഒരു പ്രസിദ്ധീകരണത്തിനു നിർദേശിക്കപ്പെടുന്ന പേര് അനുവദനീയമാണോ എന്നു വേഗത്തിൽ തീരുമാനിക്കുവാൻ രജിസ്ട്രാർക്ക് സൗകര്യം നൽകുന്നതിനുമായി രജിസ്ട്രാരുടെ അനുവാദം ലഭിച്ച് മൂന്നു മാസത്തിനകം പ്രസിദ്ധീകരണം ആരംഭിക്കാത്ത പത്രത്തിൻെറ പേരിനു നൽകിയ അനുവാദം സ്വയം കാലഹരണപ്പെടുമെന്ന് പുതിയ ഭേദഗതിയിൽ നിർദേശിച്ചിരിക്കുന്നു. മൂന്നു മാസത്തിനകം പത്രം പ്രസിദ്ധീകരിക്കാൻ കഴിയാത്ത പ്രകാശകന് ആ വിവരം കാണിച്ച് ഒരു അപേക്ഷ നൽകിയാൽ മൂന്നു മാസത്തേക്കുകൂടി ആ പേരിന്മേലുള്ള അവകാശം നീട്ടിക്കൊടുക്കാൻ രജിസ്ട്രാർക്ക് അധികാരം പുതിയ ഭേദഗതി നൽകുന്നു.

ഇതിലൊന്നും ആർക്കും എതിർപ്പ് ഉണ്ടാകേണ്ട കാര്യമില്ല.

എതിർപ്പിനു കാരണം ഭേദഗതി ബില്ലിലെ മററു ചില വ്യവസ്ഥകളാകുന്നു. പത്രവ്യവസായം സംബന്ധിച്ച പലതരം വിവരങ്ങളും രജിസ്ട്രാരുടെ ആപ്പീസിൽ സംഭരിച്ചുവെക്കുന്നതിനുള്ള വ്യവസ്ഥകളും ഭേദഗതി ബില്ലിലുണ്ട്.

പത്രങ്ങളുടെ പേര്, ഭാഷ, കാലികത (പീരിയോഡിസിററി), പത്രാധിപരുടെയും പ്രിൻററുടെയും പബ്ലിഷറുടെയും പേരുകൾ, പത്രത്തിൻെറ അച്ചടിസ്ഥലവും പ്രസിദ്ധീകരണസ്ഥലവും, ആഴ്ചതോറും ശരാശരി പേജുകളുടെ എണ്ണം, ഒരു വർഷത്തിൽ പത്രം പ്രസിദ്ധീകരിക്കുന്ന ദിവസങ്ങളുടെ എണ്ണം, അച്ചടിക്കുകയും വില്ക്കുകയും സൗജന്യമായി നൽകുകയുംചെയ്യുന്ന പ്രതികളുടെ ശരാശരി എണ്ണം, ഒററ പ്രതിയുടെ വില, ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ എന്നിവ ഇപ്പോൾത്തന്നെ രജിസ്ട്രാരുടെ ആപ്പീസിൽ സംഭരിച്ചുവെക്കുന്നുണ്ട്. ഇവയ്ക്കു പുറമെ പത്രസ്ഥാപനത്തിൽ ആകെയുള്ള ജോലിക്കാരുടെ എണ്ണം, മൂലധനനിക്ഷേപം, യന്ത്രങ്ങളുടെ ഉല്പാദനക്ഷമത, പരസ്യങ്ങളുടെ അളവ്, പരസ്യക്കൂലിയിനത്തിൽ മൊത്തം വരുമാനം, പത്രത്തിൻെറ അച്ചടിയെ സംബന്ധിച്ചും മററും ഭാവിയിൽ സർക്കാർ ആവശ്യപ്പെടാനിടയുള്ള സാങ്കേതിക–സാമ്പത്തിക വിവരങ്ങൾ എന്നിവകൂടി രജിസ്ട്രാർക്കു നൽകുന്ന രേഖകളിൽ ഉൾപ്പെടുത്തണമെന്നു പുതിയ ഭേദഗതിയിൽ നിർദേശിക്കപ്പെട്ടിരിക്കുന്നു. പത്രവ്യവസായത്തിൻെറ സന്തുലിതവും അരോഗവുമായ വളർച്ചയ്ക്കു ഈ വിവരങ്ങൾ രജിസ്ട്രാരുടെ ആപ്പീസിൽ ശേഖരിച്ചുവെക്കേണ്ടതാവശ്യമാണെന്നു 'ലക്ഷ്യങ്ങളും കാരണങ്ങളും സംബന്ധിച്ച പ്രസ്താവന'യിൽ മന്ത്രി പറയുന്നുണ്ട്.

വ്യവസായം സംബന്ധിച്ച ഇത്തരം വിവരങ്ങളിൽ പലതും രഹസ്യമായി വെക്കേണ്ടവയാണെന്നു പത്രമുടമകൾ കരുതുന്നതു സ്വാഭാവികമാണ്. അതിനാൽ ഈ വിവരങ്ങൾ സർക്കാരിലേക്കു അതാതവസരങ്ങളിൽ സമർപ്പിക്കണമെന്ന നിർദേശം പരക്കെ എതിർക്കപ്പെട്ടമെന്നതിൽ സംശയമില്ല.

പത്രത്തിൻെറ പ്രകാശകൻ സമർപ്പിക്കുന്ന പ്രഖ്യാപനത്തിലുള്ള വിവരങ്ങൾ കളവാണെന്നു കണ്ടാൽ പ്രഖ്യാപനത്തിൽ സാക്ഷ്യപ്പെടുത്തി ഒപ്പിടാതിരിക്കാനും ആ വിവരം പ്രകാശകനെ അറിയിക്കാനുമുള്ള അധികാരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു പുതിയ ഭേദഗതി നൽകുന്നു. ഇതിനിടയിൽ പത്രത്തിൻെറ പ്രസിദ്ധീകരണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ പ്രഖ്യാപനത്തിൽ താൻ ഒപ്പുവെച്ചിട്ടില്ലെന്ന മജിസ്ട്രേട്ടിൻെറ അറിയിപ്പു കിട്ടിയാലുടൻ പ്രകാശകൻ പത്രത്തിൻെറ പ്രസിദ്ധീകരണം നിർത്തിവെക്കണം. അതോടെ പത്രത്തിൻെറ പേരിനുമേൽ പ്രകാശകനു രജിസ്ട്രാർ നൽകിയ അവകാശം സ്വയം നഷ്ടപ്പെടുകയുംചെയ്യും.

പത്രം സംബന്ധിച്ച ഏതാനും വിവരങ്ങൾ ആണ്ടിലൊരിക്കൽ പ്രസിദ്ധീകരിക്കണമെന്നും, ഇവയും മററു ചില വിവരങ്ങളും ആണ്ടുതോറും രജിസ്ട്രാർക്കു പ്രകാശകൻ അയച്ചുകൊടുക്കണമെന്നും പഴയ നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ നിറവേററാതിരിക്കുന്ന പ്രകാശകനു അഞ്ഞൂറു രൂപവരെ പിഴ വിധിക്കാൻ രജിസ്ട്രാർക്കു അധികാരം മുമ്പുതന്നെ നൽകപ്പെട്ടിരുന്നു. പുതിയ ഭേദഗതിയിൽ ഈ പിഴയുടെ തുക അയ്യായിരം രൂപവരെ ഉയർത്തിയിരിക്കുന്നു.

1989 ജനുവരി 2–ാം തീയതി ദൽഹിയിൽ സമ്മേളിച്ച ഓൾ ഇന്ത്യാ ന്യൂസ് പേപ്പർ എഡിറേറഴ്സ് കോൺഫറൻസിൻെറ സ്റ്റാൻഡിംഗ് കമ്മിററി പാസ്സാക്കിയ ഒരു പ്രമേയത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'പുതിയ ബില്ലിൽ നിർദേശിക്കപ്പെട്ട ഭേദഗതികൾ പത്രങ്ങളും ഗവണ്മെൻറും തമ്മിലുള്ള ബന്ധത്തെ പൂർണമായും മാററിമറിക്കുന്നു. വാർത്തകളുടെയും വിവരങ്ങളുടെയും സ്വതന്ത്രമായ പ്രവാഹത്തിനു പ്രതിബന്ധം സൃഷ്ടിക്കുന്ന വിശാലങ്ങളായ അധികാരങ്ങൾ, ഈ ഭേദഗതികളിലൂടെ പ്രസ് രജിസ്ട്രാർക്കും ഡിസ്ട്രിക്ട് മജിസ്ട്രേററുമാർക്കും കൈവരുന്നു. അതിനാൽ പുതിയ ബില്ല് പത്രസ്വാതന്ത്ര്യത്തിൻെറ നേരിട്ടുള്ള വിലംഘനമാണ്.

രാജ്യസഭയിൽ ഈ ബില്ല് അവതരിപ്പിക്കുന്നതിനുമുമ്പ് ഗവണ്മെൻറ് പത്ര പ്രവർത്തകരുടെ സംഘടനകളുമായി ഈ ഭേദഗതികളെപ്പററി കൂടിയാലോചി ക്കേണ്ടതായിരുന്നു. ബില്ല് പാർലമെൻറിൽ പാസ്സാക്കിയെടുക്കുംമുമ്പ്, അതിൽ നിർദേശിക്കുന്ന ഭേദഗതികളെപ്പററി വിശാലമായ അടിസ്ഥാനത്തിൽ ചർച്ച കൾ നടക്കേണ്ടതു് പത്രവ്യവസായത്തിൻെറയും രാജ്യത്തിൻെറയും ഉത്തമ താല്പര്യ ങ്ങൾ സംരക്ഷിക്കുന്നതിനു് അനുപേക്ഷണീയമാണു്.

# 3. ടെലിവിഷനും പുസ്തകവും

ആധുനികലോകത്തിലെ ഏററവും ശക്തമായ മാധ്യമമാണു് ടെലിവിഷൻ. വാർത്തകൾ അറിയിക്കുന്നതിനെന്നപോലെ വിജ്ഞാനം വ്യാപിപ്പിക്കുന്നതിനും വിനോദം നൽകുന്നതിനും ഈ മാധ്യമത്തിനുള്ള സാധ്യതകൾ നാം അനുഭവിച്ച റിഞ്ഞു തുടങ്ങിയിട്ടേ ഉള്ളൂ.

സർക്കാരിൻെറയോ കോർപറേഷനുകളുടെയോ നിയന്ത്രണത്തിലുള്ള ടെലി വിഷൻ പ്രക്ഷേപണങ്ങൾ ലോകത്തിലെ എല്ലാ പരിഷ്കൃതരാജ്യങ്ങളിലും നടപ്പായിക്കഴിഞ്ഞിട്ടുണ്ടു്. ഇന്ത്യയിലും സർക്കാർ നിയന്ത്രണത്തിലുള്ള ടെലിവി ഷൻ പ്രക്ഷേപണം അതിവേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണു്. ടെലിവിഷൻ പ്രക്ഷേപണം എത്താത്ത ഒരു പ്രദേശവും ഇന്ത്യയിലില്ല എന്ന നില വരാൻ ഇനി ഏറെ താമസമില്ല.

പൊതുവിലുള്ള ഈ ടെലിവിഷൻ പ്രക്ഷേപണത്തിനുപുറമേ, കമ്പികളി ലൂടെ ടെലിവിഷൻ പ്രക്ഷേപണം എത്തിക്കുന്ന 'കേബിൾ ടിവിയും' ഇന്ത്യ യിൽ അവിടവിടെ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ടു്. വളരെ ആളുകൾ തിങ്ങിത്താ മസിക്കുന്ന ഫ്ളാററുകൾ, തൊട്ടുതൊട്ടു വീടുകൾ നിലകൊള്ളുന്ന കോളനികൾ മുതലായവയിലാണു് കേബിൾ ടിവി പ്രയോജനപ്പെടുന്നതു്.

വീഡിയോ കാസററുകൾ വാടകയ്ക്കെടുത്തു് വീടുകളിൽ കാണിക്കുന്നതിനു പകരം, ഒരിടത്തു് വീഡിയോ കാസെററ് പ്രൊജക്റ്റ്ചെയ്തു്, കേബിൾ വഴി പല ടെലിവിഷൻ സെററുകളിൽ കാണാറാക്കുവാൻ ഈ സംവിധാനം ഉപകരി ക്കുന്നു. കാസെററിനു താരതമ്യേന വലിയ വാടക കൊടുക്കേണ്ടിവരുമ്പോൾ കേബിൾവഴി വീഡിയോ പ്രദർശനം കാണാൻ തുച്ഛമായ വരിസംഖ്യയേ നൽകേണ്ടിവരികയുള്ളൂ. വളരെ വേഗത്തിൽ കേബിൾ ടിവി ഇന്ത്യയിലെ നഗര ങ്ങളിൽ പ്രചരിപ്പിക്കുമെന്നാണു് കരുതേണ്ടതു്. സിനിമക്കൊട്ടകകളിലെ ജന ത്തിരക്കു് ഇതുമൂലം കുറഞ്ഞുകൂടെന്നില്ല.

ടെലിവിഷൻെറ ആകർഷണത്തെ ചെറുത്തുനിൽക്കുക കൃച്ഛ്രസാദ്ധ്യമാണു്. പ്രക്ഷേപണം ചെയ്യുന്നതു പരസ്യമാണെങ്കിൽപ്പോലും ടെർമിനലിൽനിന്നു കണ്ണെടുക്കുക പ്രയാസമാകുന്നു. കുട്ടികളുടെയും വൃദ്ധന്മാരുടെയും ആവർത്തനരൂപ ങ്ങളായ ജോലികളിൽ ഏർപ്പെട്ടവരുടെയും ബുദ്ധിപരമായ കാര്യങ്ങളിൽ താല്പര്യം കുറഞ്ഞവരുടെയും കാര്യത്തിൽ ടെലിവിഷൻെറ ആകർഷണം അപ്ര തിരോധ്യംതന്നെ ആയിരിക്കും. പ്രേക്ഷകൻെറ ചിന്തയിൽ ഒരു സമ്മർദവും ടെലിവിഷൻ ചുമത്തുന്നില്ല എന്നതാണു് ഇതിനു കാരണം.

## പുസ്തകങ്ങൾ

ഇത്തരക്കാർ ഇപ്പോൾ ഒഴിവുസമയത്തിലധികവും ചെലവഴിക്കുന്നതു പത്രങ്ങളോ ആനുകാലികങ്ങളോ പുസ്തകങ്ങളോ വായിച്ചാണു്. ടെലിവിഷൻ, പ്രത്യേ കിച്ചു് കേബിൾ ടിവി സാർവത്രികമായാൽ, വായനയ്ക്കു് ഇപ്പോൾ നീക്കിവെ